ട്രാൻസ്പോർട്ട് ആഫീസറോ അറകുററം സംഭവിക്കുന്ന വാഹനങ്ങൾ പരിശോധിച്ച് സർട്ടിഫിക്കറ് നൽകിയതിനുശേഷം അംഗീകൃത മോട്ടോർ വർക്കുഷോപ്പുകളിൽ കൊടുത്താണ് അവയുടെ അറകുററപ്പണികൾ ചെയ്തിക്കാറുള്ളത്. റിപ്പയറിനുശേഷം മുകളിൽപ്പറഞ്ഞ ഉദ്യോഗസ്ഥൻമാർ ബില്ലുകൾ പരിശോധിച്ചിട്ടേ തുക നൽകാറുള്ളൂ.

(സി) ഇല്ല.

(ഡി) ഡിപ്പാർട്ടുമെൻറുവക ഒരു വർക്ഷോപ്പ് ഇപ്പോൾ മലപ്പുറത്ത് ഫലപ്രദമായി പ്രവർത്തിച്ചു വരുന്നുണ്ട്. തിരുവനന്തപുരത്ത് ഒരു സെൻട്രൽ വർക്കുഷോപ്പ് തുടങ്ങുന്നതിനുള്ള നിർദ്ദേശം പരിഗണിച്ചുവരുന്നു.

വിദ്യുച്ഛക്തി കണക്ഷനുവേണ്ടി അപേക്ഷകൾ

*658 [715] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യുച്ഛക്തി കണക്ഷനുവേണ്ടി മൂന്ന് കൊല്ലത്തിലധികം പഴക്കമുള്ള അപേക്ഷകളെത്ര;

(ബി) കൃഷിയാവശ്യത്തിന് പമ്പ് സെറുകൾക്ക് വിദ്യുച്ഛക്തി കണക്ഷൻ മുൻഗണന നൽകുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) 355.

(ബി) ഉണ്ട്.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

പോലീസ് മർദ്ദിച്ചതായി പരാതി

1110 [1775] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാന്തൻപാറ പോലീസ് സ്റേഷനിൽവച്ച് സുകുമാരനടക്കമുള്ള തൊഴിലാളികളെ പോലീസ് മർദ്ദിച്ചതായിട്ടുള്ള പരാതിയിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) പഞ്ചായത്ത് മെമ്പർ പൊന്നയ്യായുടെ വീട്ടിൽ ഒരുകൂട്ടമാളുകൾ ബലമായി കടന്നാക്രമിച്ച് അയാളെ ദേഹോപദ്രവം ഏൽപിച്ച സംഭവത്തിൽ ശാന്തൻപാറ പോലീസ് ന്യായമായി ഇടപെട്ടില്ലെന്നും അക്രമികളെ രക്ഷിക്കാൻ ശ്രമിച്ചതായിട്ടും ആരോപണങ്ങൾ ഉണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതേക്കുറിച്ച് ഏത് ഉദ്യോഗസ്ഥൻ അന്വേഷിച്ചു; അന്വേഷണത്തിൻെറ രീതി എപ്രകാരമായിരുന്നു?

ഉത്തരം

(എ) അന്വേഷണം നടത്തി. പരാതിയിൽ ഉന്നയിച്ചിരുന്ന ആരോപണം ശരിയല്ലെന്ന് തെളിഞ്ഞതിനാൽ മേൽനടപടികൾ സ്വീകരിച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly